# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** **19-09-2025 - ൽ മറുപടിയ്ക്ക്**

## ദേശീയ പാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. ടി. സിദ്ദിഖ്, ശ്രീമതി ഉമ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റി വഴി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നത് സംസ്ഥാന സർക്കാരാണ്. സംസ്ഥാന സർക്കാർ സംസ്ഥാനത്തെ റോഡുകൾ ദേശീയപാത അതോറിറ്റിക്ക് കൈമാറിയതിന് ശേഷമാണ് മറ്റ് നടപടികൾ ആരംഭിക്കുക.ദേശീയപാത 66-ൽ ഈ നടപടിക്രമങ്ങൾക്ക് ശേഷം ദേശീയപാത അതോറിറ്റി പ്രവൃത്തി ആരംഭിക്കാനുള്ള ഫണ്ട് അനുവദിച്ചിരുന്നു.എന്നാൽ ഭൂമിയേറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2014-ൽ ദേശീയപാത 66-നെ കേന്ദ്ര പദ്ധതിയിൽ നിന്ന് ഡീനോട്ടിഫൈ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 2016 ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേന്ദ്രവുമായി നിരന്തരം ചർച്ച നടത്തുകയും ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയൂ എന്നതായിരുന്നു കേന്ദ്ര നിബന്ധന.സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യം മുൻനിർത്തി കിഫ്ബിയിൽ നിന്നും പണം ചെലവഴിക്കാൻ തീരുമാനിച്ചു.ഇതേ തുടർന്ന് ദേശീയപാത അതോറിറ്റിയും സംസ്ഥാന സർക്കാരും കിഫ്ബിയും ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവക്കുകയുണ്ടായി. ഈ കരാറിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഒപ്പുവച്ചത് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയാണ്. കിഫ്ബിയിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമാക്കി കേന്ദ്രത്തിന് കൈമാറുന്നതും പൊതുമരാമത്ത് വകുപ്പ് |

വഴിയാണ്. ഇതുവരെ 5580.73 കോടി രൂപ സംസ്ഥാന വിഹിതമായി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ദേശീയപാത വികസനത്തിന്റെ ഏറ്റവും സുപ്രധാനമായ ഘട്ടം ഭൂമിയേറ്റെടുക്കുക എന്നതായിരുന്നു.സംസ്ഥാന സർക്കാരിന് കീഴിലുള്ള റവന്യൂ വകുപ്പാണ് ഭൂമിയേറ്റെടുക്കലിന്റെ മുഖ്യചുമതല വഹിക്കുന്നത്. റവന്യൂ വകുപ്പിനൊപ്പം ബിൽഡിംഗ് വാല്യൂവേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പും പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഭൂമിയേറ്റെടുക്കലിൽ തടസ്സങ്ങൾ ഉണ്ടായ ഘട്ടങ്ങളിൽ ബഹു.മുഖ്യമന്ത്രി,റവന്യൂ മന്ത്രി, പൊതുമരാമത്ത് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിയുമായുള്ള ലെയ്സൺ വർക്കുകൾ നിർവ്വഹിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പ്രവൃത്തി ആരംഭിച്ചതിന് ശേഷം പ്രവൃത്തി വിലയിരുത്തുന്നതിനും സംസ്ഥാന സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനും ബഹു.മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ ചേരാറുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തമുള്ള പദ്ധതി എന്ന നിലയിലും കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതി എന്ന നിലയിലുമാണ് ഇത്തരം യോഗങ്ങൾ നടത്താറുള്ളത്. ഇതിന് പുറമേ പൊതുമരാമത്ത് വകുപ്പ് മന്ത്രി നേരിട്ട് പ്രവൃത്തി ഇടങ്ങളിലെത്തി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും ഉത്തരവാദിത്തമുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ ജലവിഭവം-വൈദ്യുതി-തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് ഉത്തരവാദിത്തമുണ്ട്. മണ്ണ്,മണൽ,മെറ്റൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിൽ റവന്യൂ-വ്യവസായം- പരിസ്ഥിതി വകുപ്പുകൾക്ക് പങ്കാളിത്തമുണ്ട്. മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിൽ വനം വകുപ്പിനാണ് ചുമതല. ഈ കാര്യങ്ങളിലുള്ള ഏകോപനം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം പൊതുമരാമത്ത് വകുപ്പിനാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും വികസനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന സർക്കാർ വകുപ്പുകൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുകയാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ദേശിയപാത നിർമ്മാണത്തിലെ അശാസ്ത്രീയതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തുകയോ കേന്ദ്ര സർക്കാരിനോട് അന്വേഷണത്തിന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; | (ബി) | ദേശീയപാതകളുടെ രൂപകൽപ്പനയും നിർമ്മാണവും ഗുണനിലവാരം ഉറപ്പുവരുത്തലും കേന്ദ്ര സർക്കാരിന് കീഴിലുള്ള ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പ്രവൃത്തി പുരോഗമിക്കുന്ന ഘട്ടത്തിൽ മലപ്പുറത്ത് കൂരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു.മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്ത് തന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ്സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണറുടെ രൂപകൽപ്പനയിൽ പിഴവ് സംഭവിച്ചതുമൂലമാണ് തകർച്ച ഉണ്ടായതെന്ന് കണ്ടെത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസഷണറെയും സ്വതന്ത്ര എഞ്ചിനീയറേയും ഡീബാർ ചെയ്തതായും ടീം ലീഡറെയും കൺസഷണറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ് ചെയ്തതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കൂരിയാട് ഒരു |

| | | | |
|---|---|---|---|
| | | | വയഡക്ട് നിർമ്മിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുസൃതമായുള്ള നിർമ്മാണമല്ല മലപ്പുറത്തെ കൂരിയാട് അടക്കമുള്ള ദേശിയപാത 66-ന്റെ നിർമ്മാണത്തിൽ നടന്നത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (സി) | മണ്ണിന്റെ സവിശേഷതയും കേരളത്തിലെ കാലാവസ്ഥയും ഉൾപ്പെടെ രൂപകൽപ്പനയിൽ പരിഗണിക്കുന്നതിന് ബന്ധപ്പെട്ട കൺസഷണർമാർക്ക് നിർദ്ദേശം നൽകിയിരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.എന്നാൽ മലപ്പുറം കൂരിയാട് ഉണ്ടായ സംഭവത്തെ തുടർന്ന് കേരളത്തിലെ ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തി പരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ